എം.സി.എ നാസർ

# ഗസ്സയിലെ ജനത പറയുന്നു ഇത് ഞങ്ങളുടെ അവസാന നിലവിളി

**1967** ജൂൺ അഞ്ച്. അറബ് രാഷ്ട്രങ്ങൾക്കെതിരെ ജൂതരാഷ്ട്രം ആറുദിന യുദ്ധത്തിന് തുടക്കം കുറിച്ച ദിവസം. അമേരിക്കയുടെയും യൂറോപ്പിന്റെയും പിന്തുണയോടെ 1948-ൽ അറബ് മണ്ണിൽ അന്യായമായി കുടിയിരുത്തിയ സയണിസ്റ്റ് രാഷ്ട്രം അതിരുകൾ വ്യാപിപ്പിച്ചത് ഈ യുദ്ധത്തിലൂടെയായിരുന്നു. അതു കഴിഞ്ഞ് കൃത്യം നാല് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. പക്ഷേ, അറബ് തെരുവുകളിൽ ഇപ്പോഴും പഴയ തോൽവിയുടെ ഖേദം ഊറിക്കിടപ്പുണ്ട്.

കീഴടങ്ങിയ ജനതയുടെ സ്വാഭാവിക സങ്കടമാണിതെന്ന് കരുതാൻ വയ്യ. എല്ലാം ഉണ്ടായിട്ടും ശത്രുവിനെതിരെ ആത്മാഭിമാനത്തോടെ എതിരിട്ടുനിൽക്കാനുള്ള വീര്യം നഷ്ടപ്പെട്ടുപോയവന്റെ വേവലാതിയുണ്ടിതിൽ. ആഗോള സമൂഹത്തിന്റെ കുറ്റകരമായ പക്ഷപാതിത്വത്തോടുള്ള അടങ്ങാത്ത വെറുപ്പുണ്ട്. മേഖലയിൽ വിധേയരുടെ എണ്ണം പിന്നെയും കൂടിവരുന്നതിന്റെ ദുഃഖവും.

അതൊക്കെ സഹിക്കാം. കൂട്ടിക്കൊടുപ്പുകാർ ശത്രുവിനൊപ്പം ചേർന്ന് ഇരകളെ വകവരുത്താൻ വിലപേശുന്നതിന്റെ ദൈന്യതയാണ് വല്ലാതെ വേദനിപ്പിക്കുന്നത്. മുപ്പതു വെള്ളിക്കാശിന്റെ തിളക്കത്തിൽ അരിയിട്ടുവാഴ്ചയുടെ കോലാഹലവും ഉയർന്നുകേൾക്കാം. നാലു പതിറ്റാണ്ടുകളുടെ നിരാശ നിറഞ്ഞ അറബ് എപ്പിസോഡുകൾക്കിടയിലും പക്ഷേ, തോൽക്കാൻ തയാറല്ലെന്ന് പറഞ്ഞ് എല്ലാ പീഡനങ്ങളും ഏറ്റുവാങ്ങാൻ തയാറായി പ്രത്യയശാസ്ത്ര ബലത്തിൽ ഉയർന്നുനിൽപുണ്ട് ചെറിയൊരു വിഭാഗം. 1987-ൽ ശൈഖ് അഹ്മദ് യാസീൻ ജന്മം നൽകിയ ത്യാഗികളുടെ സംഘം. ഹമാസ് എന്ന് ചുരുക്കപ്പേര്. അധികാരവും അന്താരാഷ്ട്ര അംഗീകാരവും ലഭിക്കാൻ വലിയൊരു മൗനം മതിയായിരുന്നു; ചെറിയൊരു അഡ്ജസ്റ്റ്മെന്റും. എന്നിട്ടും ആയുധങ്ങളുടെയും സമ്പത്തിന്റേയും അധാർമികതയുടേതുമായ ആധുനിക നയതന്ത്ര കൂട്ടായ്മക്കെതിരെ തങ്ങളെത്തന്നെ ബലിയിടാൻ ഒരുങ്ങിനിൽക്കുകയാണിവർ. ഏതു കൊടിയ സാഹചര്യത്തിലും കൈവിടില്ലെന്നു പറഞ്ഞ് ഗസ്സയിലെ പതിനഞ്ചു ലക്ഷം മനുഷ്യരും ഇവർക്കൊപ്പമുണ്ട്. രാഷ്ട്രീയ നേതൃത്വവും ജനങ്ങളുമായുള്ള ഈ ആത്മബന്ധമാണ് ശത്രുവിന് പിടികിട്ടാത്തത്. കുനിയാൻ പറയേണ്ട താമസം, നിലത്തു കിടന്നിഴയാൻ തയാറാകുന്ന വാർപ്പുരൂപങ്ങളാണ് പശ്ചിമേഷ്യയിലെങ്ങും ഇവർക്ക് പരിചിതം. ഇതിനിടയിൽ ഒരു ഹമാസ്, അതല്ലെങ്കിൽ ഒരു ഹിസ്ബുല്ല-അവിടെ അവസാനിക്കുന്നു പ്രതീക്ഷകൾ.

ഗസ്സയും അവിടത്തെ മനുഷ്യരും നേരിടുന്നത് ചരിത്രത്തിലെ ഏറ്റവും വലിയ ധർമസങ്കടം തന്നെയാണ്. ഒന്നുകിൽ ഒറ്റുകാരുടെ വഴി, അല്ലെങ്കിൽ എതിരിടലിന്റെ വഴി— ഇതല്ലാതെ മറ്റൊന്നില്ല ഗസ്സയുടെ മനുഷ്യർക്ക് തെരഞ്ഞെടുക്കാൻ. രണ്ടാമത്തെ തീർപ്പാണ് സ്വീകരിക്കുന്നതെങ്കിൽ ആഗോളസമൂഹത്തിന്റെ പട്ടിണി ഭീഷണിക്കും ശത്രുവിന്റെ ഉന്മൂലന നടപടിക്കും കാത്തിരിക്കാം. ഇനി പൊറുതികേടിൽനിന്നുള്ള മോചനമാണ് കാമിക്കുന്നതെങ്കിൽ അടുത്ത വർഷം നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ(?) ഹമാസിനെ തള്ളിപ്പറഞ്ഞാൽ മതിയാകും. അതോടെ മഹ്മൂദ് അബ്ബാസിന്റെ നേതൃത്വത്തിലുള്ള ഫതഹ് മുഖേന ശത്രു നിങ്ങൾക്ക് മന്നായും സൽവായും ഇറക്കിത്തരും. ഭക്ഷണസമൃദ്ധിയിൽ ഒന്നും ആലോചിക്കാതെ നല്ല ഭീരുക്കളും വിധേയരുമായി അങ്ങനെ കഴിഞ്ഞുകൂടാം. ഇതിൽ ഗസ്സ നിവാസികൾ ഏതു തെരഞ്ഞെടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഫലസ്തീൻ ചെറുത്തുനിൽപിന്റെ ഭാവി. ഒപ്പം സാമ്രാജ്യത്വത്തിനെതിരായ ആഗോള പ്രതിരോധത്തിന്റെ ഭാവിയും.

### ആസൂത്രിത പദ്ധതിയുടെ പ്രയോഗവത്കരണം

ഏപ്രിൽ മുപ്പത്. ജോർദാനിലെ *അൽ മാജിദ്* വാരികയാണ് 16 പേജ് വരുന്ന ആ രഹസ്യരേഖ ആദ്യം പുറത്തുവിട്ടത്. 'Action plan for the Palestinian Presidency' എന്ന പേരിൽ ഫലസ്തീൻ ഐക്യസർക്കാറിനെ പുറന്തള്ളാനുള്ള യു.എസ് രേഖ. ഫലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിനെ ശക്തിപ്പെടുത്തുക, അദ്ദേഹത്തിനു കീഴിൽ ഫലസ്തീൻ സുരക്ഷാ സേനയെ ബലപ്പെടുത്തുക, ഫലസ്തീൻ പാർലമെന്റ് പിരിച്ചുവിടുക, അടുത്ത തെരഞ്ഞെടുപ്പിൽ മഹ്മൂദ് അബ്ബാസിന്റെ ജയം ഉറപ്പാക്കുമാറ് യു.എസ് സഖ്യകക്ഷികളുടെ സഹകരണം ഉറപ്പാക്കുക-ഇതായിരുന്നു നിർണിത ലക്ഷ്യങ്ങൾ. ജോർദാൻ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നാണ് രേഖ *അൽമാജിദ്* നേടിയത്. അറബ്-അമേരിക്കൻ കേന്ദ്രങ്ങൾ ചേർന്നാണ് രേഖ തയാറാക്കിയതെന്നാണ് പറയുന്നത്. അറബ് ഇന്റലിജൻസ് ഏജൻസി മേധാവി മുഖേന രേഖയുടെ കോപ്പി മഹ്മൂദ് അബ്ബാസിനും നേരത്തേ കൈമാറിയിരുന്നു.

റിപ്പോർട്ട് പുറംലോകത്തെ അറിയിക്കാൻ ജോർദാൻ വാരികക്ക് അവസരം ലഭിച്ചില്ല. രാത്രി തന്നെ പ്രസ്സിൽ റെയ്ഡ് നടന്നു. അച്ചടിച്ച കോപ്പികൾ പിടിച്ചെടുത്തു. ജോർദാനിയൻ സുരക്ഷാ സേനയാണ് മുൻകൂർ സെൻസർഷിപ്പിന്റെ ബലത്തിൽ പ്രിന്റിംഗ് തടഞ്ഞത്. 'രാജ്യ താൽപര്യത്തിന് നിരക്കാത്ത വിധം രഹസ്യാന്വേഷണ ഏജൻസികളെ ഉദ്ധരിച്ചുകൊണ്ടുള്ള റിപ്പോർട്ട് സ്ഥിരമായി പ്രസിദ്ധീകരിച്ചു' എന്നതാണ് നടപടിക്ക് കാരണമായി ജോർദാൻ സർക്കാർ വ്യക്തമാക്കിയത്. രഹസ്യരേഖാ റിപ്പോർട്ട് പൂർണമായും തെറ്റാണെന്നു കൂടി സർക്കാർ പറഞ്ഞു.

തീർന്നില്ല. ഇസ്രയേൽ പത്രമായ *ഹാരറ്റ്സ്* മെയ് നാലിന്റെ ലക്കത്തിൽ യു.എസ് സ്പോൺസർ ചെയ്യുന്ന 'Benchmarks for agreement on Movement and Access.' അധിനിവിഷ്ട പ്രദേശത്ത് ആനുകൂല്യങ്ങൾ നൽകി ഭാവി അജണ്ട നടപ്പാക്കുന്നതിനെ കുറിച്ചായിരുന്നു റിപ്പോർട്ട്. യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റും വൈറ്റ് ഹൗസും തയാറാക്കുന്ന അജണ്ടയുടെ പ്രയോഗവത്കരണ വിശദാംശങ്ങളും റിപ്പോർട്ടിലുണ്ടായിരുന്നു. ഇസ്രയേലീ റോഡ് തടസം നീക്കുക, അധിനിവിഷ്ട പ്രദേശത്ത് വാണിജ്യവും യാത്രയും അനുവദിക്കുക, മഹ്മൂദ് അബ്ബാസിനോട് കൂറുള്ള സുരക്ഷാ സേനക്ക് ആയുധങ്ങളും പ്രതിരോധ ഉപകര

ണങ്ങളും നൽകുക എന്നിവയാണ് ലക്ഷ്യമായെണ്ണിയത്. മഹ്മൂദ് അബ്ബാസിന്റെ ദേശീയ സുരക്ഷാ കൗൺസിൽ മേധാവിയായി നിയോഗിച്ച മുഹമ്മദ് ദഹ്‌ലാന് കൂടി വിവാദ രേഖ രൂപപ്പെടുത്തുന്നതിൽ പങ്കുണ്ട്. സുരക്ഷാ കാര്യങ്ങൾ നടപ്പാക്കേണ്ട ചുമതല ഇയാൾക്കായിരിക്കുമെന്ന് രഹസ്യ രേഖ പറയുന്നു. ഇസ്രയേലിലേക്കുള്ള ഖസ്സാം റോക്കറ്റാക്രമണം പ്രതിരോധിക്കേണ്ട ചുമതലയും ദഹ്‌ലാന്റെ സുരക്ഷാ സേനക്കായിരിക്കും. ഇസ്രയേലുമായി ചേർന്ന് ആയുധക്കടത്ത് തടയാനും സേന നടപടി സ്വീകരിക്കണം.

## ഐക്യ കരാറിന്റെ അകാല ചരമം

2007 ഫെബ്രുവരി എട്ട്. മക്കയിൽ രൂപംകൊണ്ട ഐക്യസർക്കാർ ഫോർമുല അറബ് ലോകത്തും ഫലസ്തീൻ മണ്ണിലും സൃഷ്ടിച്ച പ്രത്യാശ വലുതായിരുന്നു. അബ്ദുല്ല രാജാവ് മുൻകൈയെടുത്ത് രൂപം നൽകിയ കരാർ ഇരകൾക്കിടയിലെ ഐക്യം ഉറപ്പാക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. അറബ് ലോകം തുറന്ന പിന്തുണ നൽകി. അമേരിക്കയും ഇസ്രയേലും ആദ്യം മിണ്ടിയില്ല. പിന്നീട് ഫതഹ് മന്ത്രിമാരെ തുണക്കാമെന്നായി. യൂറോപ്യൻ യൂനിയൻ എവിടെയും തൊടാതെ നിന്നു. നീണ്ട കൂടിയാലോചനകൾക്കു ശേഷം 2007 മാർച്ചിൽ ഇസ്മാഈൽ ഹനിയ്യയുടെ നേതൃത്വത്തിൽ മന്ത്രിസഭ യാഥാർഥ്യമായി. ധനകാര്യം ഉൾപ്പെടെ പ്രധാന വകുപ്പുകൾ വേണമെന്ന എതിർപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാൻ ഹമാസ് ഹൃദയവിശാലത കാട്ടി. എന്നാൽ ഗൂഢാലോചന അപ്പോൾ തന്നെ ആരംഭിച്ചിരുന്നു. ഐക്യ സർക്കാറിനെ പിറവിയിൽതന്നെ പൊളിക്കാനുള്ള ആസൂത്രിത നീക്കം. യു.എസ് ഫണ്ട് ഉപയോഗിച്ച് അബ്ബാസിനെ പൊലിപ്പിച്ചെടുക്കാനും ഹമാസിനെ ഉന്മൂലനം ചെയ്യാനുമുള്ള അജണ്ടയായിരുന്നു ഇത്. ഫതഹ് വിഭാഗത്തിന് പൂർണ വിശ്വാസമുള്ള സർക്കാർ ജീവനക്കാർക്ക് മുഴുവൻ ശമ്പളം വിതരണം ചെയ്യുക, പ്രസിഡന്റിലൂടെയും ഫതഹിലൂടെയും ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾക്ക് തീർപ്പുണ്ടാക്കാൻ ശ്രമിക്കുക എന്നിവയും അജണ്ടയുടെ ഭാഗമായിരുന്നു. യു.എസ് തന്ത്രം രൂപപ്പെടുത്താൻ ഈജിപ്ത് രഹസ്യാന്വേഷണ ഏജൻസി മേധാവി ഉമർ സുലൈമാനും രംഗത്തുണ്ടായിരുന്നു. കൂടുതൽ വിശ്വാസ്യതയും അടുപ്പവും നിലനിർത്താൻ അബ്ബാസ് ശ്രമിക്കണമെന്നും അമേരിക്ക നിർദേശിച്ചു. യു.എസ് കോൺഗ്രസ് 59 മില്യൻ ഡോളർ മഹ്മൂദ് അബ്ബാസിന്റെ സുരക്ഷാ സേനക്കായി നീക്കിവെച്ചിരുന്നു. യൂറോപ്യൻ യൂനിയനും ലോക ബാങ്കും പദ്ധതിക്ക് സഹായം നൽകുമെന്നും രഹസ്യ രേഖ പറയുന്നു.

യു.എസ് തയാറാക്കിയ 'ബെഞ്ച്മാർക്ക്' പദ്ധതി അംഗീകരിക്കാൻ മഹ്മൂദ് അബ്ബാസിന് 24 മണിക്കൂർ പോലും വേണ്ടി വന്നില്ല. ഹമാസ് ഈ നിർദേശം അപ്പടി തള്ളി. ഇതു വെറും വ്യാജമാണെന്ന് ഖാലിദ് മിശ്അൽ പറഞ്ഞു. ഇസ്രയേലീ ചെക്ക് പോയിന്റുകൾ ഇല്ലാതാവണമെങ്കിൽ ഫലസ്തീൻ പ്രതിരോധത്തിന് കൂടുതൽ ശക്തി പകരുകയല്ലാതെ മറ്റു വഴിയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഫലസ്തീൻ പ്രതിരോധം അടിയറ വെക്കുന്നതിന്റെ വിലയാണ് ചെക്ക് പോയിന്റുകൾ തുറക്കലെന്നും മിശ്അൽ വിലയിരുത്തി. യു.എസ് നിർദേശത്തെ കുറിച്ച് തങ്ങൾ പഠിച്ചുവരികയാണെന്നായിരുന്നു ഇസ്രയേലിന്റെ കപട പ്രതികരണം. കേവലം നിർദേശങ്ങൾ മാത്രമാണിവയെന്ന് പറഞ്ഞ് യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റും ഔപചാരികത നടിച്ചു.

ഐക്യസർക്കാർ യാഥാർഥ്യമാകുന്ന ഘട്ടത്തിലും യാങ്കി-ഇസ്രയേൽ നേതാക്കളുമായി മഹ്മൂദ് അബ്ബാസ് സമ്പർക്കം പുലർത്തിയതിന് തെളിവുണ്ട്. അടച്ചിട്ട മുറികളിൽ രഹസ്യ സ്വഭാവത്തിലായിരുന്നു ചർച്ചകൾ. യു.എസ് നിയമവിദഗ്ധരുമായി നടന്ന രഹസ്യ ചർച്ചയിൽ 6-12 മാസത്തിനിടയിൽ മഹ്മൂദ് അബ്ബാസിന്റേതു മാത്രമായ ഭരണം ഉണ്ടാകണമെന്ന് പോലും തീർച്ചപ്പെടുത്തി. അങ്ങനെ വെറും മൂന്നു മാസത്തിനുള്ളിൽ സർക്കാറിനെ തകർത്ത് 'പ്രതിഭ' തെളിയിച്ചതിന്റെ ക്രെഡിറ്റും മഹ്മൂദ് അബ്ബാസിന് ലഭിച്ചു. ഗസ്സയുടെ നിയന്ത്രണം ഹമാസിന് ലഭിച്ചത് മാത്രമാണ് തിരക്കഥയിൽ നടപ്പാക്കാതെ പോയ ഭാഗം. കണക്കുകൂട്ടലിലൊന്നും തന്നെ ഈ 'അത്യാഹിതം' ആരും പ്രതീക്ഷിച്ചിരുന്നില്ല. കൃത്യസമയത്ത് ആയുധങ്ങൾ എത്തിക്കുന്നതിൽ ഇസ്രയേലിന്റെ ഭാഗത്തുണ്ടായ വീഴ്ചയെന്നാണ് തോൽവിയടഞ്ഞ ഫതഹ് കമാണ്ടർമാരുടെ വിലാപം. എന്നാൽ ദുർബലമായ കമാന്റ് ഘടനയും നേതൃരാഹിത്യവുമാണ് ഗസ്സയുടെ നഷ്ടകാരണമെന്ന് ഇസ്രയേൽ പൊതുസുരക്ഷാ മന്ത്രി അവി ഡിച്ചർ കുറ്റപ്പെടുത്തുന്നു.

## മറ്റു വഴികളില്ലാതെ വന്നപ്പോൾ

ഒരു പ്രദേശത്തെ പതിനഞ്ച് ലക്ഷം ജനങ്ങളെയും ഗിനിപ്പന്നികളാക്കി മാറ്റുകയെന്ന മറുമരുന്നാണ് ഗസ്സയുടെ കാര്യത്തിൽ ശത്രുനിര പിന്തുടരാൻ ആഗ്രഹിക്കുന്നത്. ഇസ്രയേലും അമേരിക്കയും യൂറോപ്യൻ യൂനിയനും ഫതഹ് നേതൃത്വവും ചേർന്നാണ് ഇതിന് തന്ത്രങ്ങൾ മെനയുന്നത്. സഞ്ചാര സ്വാതന്ത്ര്യം തടഞ്ഞും സാമ്പത്തിക ഉപരോധം തുടർന്നും പീഡിത ജനതയെ എതിരിടുന്ന രീതി. കുറ്റം തെരഞ്ഞെടുപ്പിൽ ഹമാസിന്റെ പക്ഷം ചേർന്നു എന്നതുതന്നെ. ഗസ്സ ഏറ്റെടുക്കാൻ ഹമാസ് തീരുമാനിച്ചത് വലിയ പാതകമായാണ് യു.എസ് അനുകൂല അറബ് തമ്പ്രാക്കളും പടിഞ്ഞാറും വിലയിരുത്തുന്നത്. അണിയറയിൽ നടന്ന നിർലജ്ജമായ കരുനീക്കങ്ങൾ മറച്ചുപിടിച്ചുകൊണ്ടാണ് ഹമാസിനെ തെറിവിളിക്കുന്നത്. ഐക്യ സർക്കാർ നിലനിൽക്കണമെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിച്ചത് ഹമാസ് തന്നെയാണ്. പക്ഷേ, അധികാരം നിലനിർത്താൻ ലജ്ജാകരമായ അടിയറവ് വേണ്ടിവരുമെന്ന് കണ്ട നിമിഷം ഹമാസ് മൂന്നാം കണ്ണ് തുറന്നുവെച്ചു. അപ്പോൾ ഫതഹുമായി ബന്ധപ്പെട്ട സൈനിക സംഘത്തിന്റെ നീക്കങ്ങളിലെ അപകടം അവർ മണത്തു. യു.എസ്-ഇസ്രയേൽ ഇടനിലക്കാരുമായി ഫതഹ് നേതാക്കൾ നിരന്തര ബന്ധം പുലർത്തുന്നത് കണ്ടില്ലെന്നു നടിക്കുക എളുപ്പമായിരുന്നില്ല. പുതിയ 'ഐക്യ'ത്തിലൂടെ തുറന്നുകിട്ടിയ അവസരം മുതലെടുത്ത് ഹമാസിന്റെ പ്രതിരോധ നീക്കങ്ങൾ ഫതഹ് ചോർത്തി. പല ഹമാസ് പ്രവർത്തകരും കൃത്യമായ മിസൈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടു. യു.എസ്-ഇസ്രയേൽ-ഫതഹ് നേതൃത്വത്തോട് മാത്രമായിരുന്നു സൈന്യത്തിന്റെ കൂറ്. മുഹമ്മദ് ദഹ്‌ലാനെ ഏറ്റവും കരുത്തനായ സൈനിക നേതാവായി അപ്പോൾ യു.എസ്-ഇസ്രയേൽ പത്രങ്ങൾ വാഴ്ത്തിക്കൊണ്ടിരുന്നു. 'സ്ട്രോംഗ് മാൻ', 'മോഡറേറ്റ് മുസ്‌ലിം', 'പ്രാഗ്മാറ്റിക്' എന്നീ ചെല്ലപ്പേരുകളും വിശേഷണങ്ങളും നിർബാധം ദഹ്‌ലാന് നൽകി. ദഹ്‌ലാൻ കയ്റോയിൽ യു.എസ് ഏജന്റുമാരുമായി ചർച്ച നടത്താൻ പോയ സമയത്താണ് ആയുധങ്ങളുമായെത്തുന്ന ഇസ്രയേൽ കപ്പലിനു വേണ്ടി ഫതഹ് സൈന്യം കാത്തിരുന്നത്. എന്നാൽ, ഈ ആയുധങ്ങൾ തങ്ങളുടെ ചോര കവർന്നെടുക്കാൻ വേണ്ടിയാണെന്ന് തിരിച്ചറിയാൻ ഹമാസിന് മൂന്നാം കണ്ണിന്റെ ആവശ്യമുണ്ടായിരുന്നില്ല. യാങ്കി-ജൂത നിർദേശാനുസരണം പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയുടെ അംഗരക്ഷകനെയും ഡോക്ടറെയും ജൂൺ എട്ടിന് തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു. മഹ്മൂദ് അബ്ബാസ്-ദഹ്‌ലാൻ നിയന്ത്രണത്തിൽനിന്ന് ഗസ്സയെ മോചിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഗസ്സ ഒന്നടങ്കം ശത്രുവിന്റെ കാൽക്കീഴിലമരുമെന്ന കാര്യം ഹമാസിന് ഉറപ്പായിരുന്നു. ഫതഹ് സൈന്യത്തിലും ഇസ്രയേൽ നൽകുന്ന ആയുധങ്ങളിലും യാങ്കി അഭിരമിച്ചു. സൈനിക ഭാഷക്കപ്പുറം കാര്യങ്ങൾ വിലയിരുത്താൻ യാങ്കി-സയണിസ്റ്റ്-ഫതഹ് കൂട്ടുകെട്ടിന് കഴിഞ്ഞില്ല. ഗസ്സയുടെ ഉള്ളകങ്ങൾ ഇപ്പോഴും കാത്തുസൂക്ഷിക്കു

ന്ന പോരാട്ടവീര്യത്തെ നിർധാരണം ചെയ്യുന്നതിലും അവർക്ക് പിഴവു പറ്റി. എല്ലാ പ്രതികൂലതകൾക്കിടയിലും ഹമാസ് സൈനികർ കാത്തുസൂക്ഷിക്കുന്ന ധാർമികവീര്യവും ജനപിന്തുണയും തിരിച്ചറിയുന്നതിൽ ശത്രുനിര പാളി. ഹമാസ് സൈന്യം ഫതഹ് സുരക്ഷാ ആസ്ഥാനം കൈയടക്കി തങ്ങളുടെ പതാക നാട്ടിയപ്പോൾ നിസ്സഹായതയോടെ ഉൾവലിയാൻ മാത്രമേ അവർക്ക് കഴിഞ്ഞുള്ളൂ. ഇസ്രയേലുമായി അനുരഞ്ജനം കൊണ്ട് കാര്യമില്ലെന്നും ചെറുത്തുനിൽപ് മാത്രമാണ് അഭിമാനകരമായ വഴിയെന്നും വിശ്വസിക്കുന്നവരാണ് ഗസ്സ നിവാസികൾ. അധിനിവേശത്തിന്റെ കൂട്ടിക്കൊടുപ്പുകാർ ഗസ്സയിൽനിന്ന് ഓടിയൊളിക്കുന്നതു കണ്ട് കണ്ണീർ വാർക്കാൻ ആരും തന്നെ ഉണ്ടായില്ലെന്നോർക്കുക.

അറബ് അരമനകൾ അപ്പോഴും ഐക്യ കരാറിന്റെ വിശുദ്ധിക്ക് നിരക്കാത്ത ഹമാസിന്റെ 'ഗസ്സ പിടിത്ത'ത്തിന്റെ കർമശാസ്ത്ര വശങ്ങൾ വിലയിരുത്തുകയായിരുന്നു. കയ്റോയിൽ യോഗം ചേർന്ന അറബ് ലീഗ് നേതാക്കൾ 'സംയമന' ഫത്വ ആവർത്തിച്ചു പിരിഞ്ഞു. അറബ് രാഷ്ട്രങ്ങൾ മഹ്മൂദ് അബ്ബാസിന്റെ നടപടികൾക്ക് കൈയൊപ്പ് ചാർത്തി യാങ്കി സ്നേഹം ആവർത്തിച്ചു. ഫതഹിനെ ആയുധമണിയിച്ച് ഗസ്സയുടെ ചെറുത്തുനിൽപിന് അന്ത്യം കുറിക്കാനുള്ള ആഗോള ഗൂഢാലോചന തകർത്ത ധീര സന്താനങ്ങളെന്ന പ്രതിഛായയാണ് ഹമാസിനെ ഹൃദയത്തിൽ ഏറ്റുവാങ്ങാൻ ഗസ്സക്ക് പ്രേരണയായതെന്ന സത്യം മാത്രം ബാക്കി നിന്നു. അറബ് മുസ്‌ലിം രാജ്യങ്ങളിൽ വേണ്ടപ്പെട്ട ഒരാളെ യാങ്കി കണ്ടെത്തുക പതിവാണ്. എന്നിട്ട് ഈ പാവയെ മുന്നിൽ നിർത്തി കാര്യങ്ങൾ നടത്തും. ഹാമിദ് കർസായിയും നൂരി അൽ മാലികിയും ഫുആദ് സിനിയോറയും മഹ്മൂദ് അബ്ബാസും അജണ്ട നടപ്പാക്കുന്നതിന്റെ കേവല പ്രതീകങ്ങൾ മാത്രം. സ്വന്തം ജനതയുടെ പിന്തുണ പോലും വേണ്ടതില്ലെന്ന് ഇവർ തെളിയിച്ചതാണല്ലോ.

## ഒറ്റപ്പെടുത്താൻ കുത്സിത തന്ത്രം

ജൂൺ 19. വൈറ്റ് ഹൗസിൽ ബുഷിനൊപ്പം ഇസ്രയേൽ പ്രധാനമന്ത്രി യഹൂദ് ഒൽമെർട്ടും. അടുത്ത കാലത്തൊന്നും ഇത്ര ആവേശഭരിതരായി ഇരുവരെയും കണ്ടിട്ടില്ല. മഹ്മൂദ് അബ്ബാസിന് ഇരു നേതാക്കളും പൂർണ പിന്തുണ പ്രഖ്യാപിച്ചു. ഹമാസിനെ സാമ്പത്തികമായും നയതന്ത്രതലത്തിലും ഒറ്റപ്പെടുത്താനും ധാരണയായി. 'ഫലസ്ത്വീൻ ജനതക്ക് തങ്ങളുടേതായ യഥാർഥ രാഷ്ട്രത്തിനുള്ള അവസരം നൽകുകയാണെ'ന്ന സൗമനസ്യം കൂടി നേതാക്കൾ പ്രകടിപ്പിച്ചു. ഹമാസ് അധികാരത്തിൽ വന്നതോടെ ഏർപ്പെടുത്തിയ എല്ലാ സാമ്പത്തിക ഉപരോധങ്ങളും അമേരിക്കയും ഇസ്രയേലും പിൻവലിച്ചുകഴിഞ്ഞു. നടപടികൾ പൊടുന്നനെയായിരുന്നു. പതിനഞ്ചു മാസത്തെ സാമ്പത്തിക-രാഷ്ട്രീയ ബഹിഷ്കരണമാണ് ഇതോടെ പിൻവലിക്കപ്പെട്ടത്. ഇസ്രയേലിനെ അംഗീകരിക്കാൻ വിസമ്മതിക്കുന്ന ഹമാസിനെ ഫലസ്ത്വീൻ ജനത തെരഞ്ഞെടുത്തതിനുള്ള ശിക്ഷയായിരുന്നു സാമ്പത്തിക ഉപരോധം. യൂറോപ്യൻ യൂനിയനും മഹ്മൂദ് അബ്ബാസിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. സലാം ഫയ്യാദിന്റെ മന്ത്രിസഭക്ക് അവരും നമോവാകം ചൊല്ലി. 'നിങ്ങളെ പോലെ ഞാനും മിതവാദികളെ ശക്തിപ്പെടുത്തുന്നവൻ' എന്ന് യഹൂദ് ഒൽമെർട്ട് ആവേശം കൊണ്ടു. ഫലസ്ത്വീൻ ജനതയുടെ പേരിൽ പിരിച്ചെടുത്ത നികുതിപ്പണമാണ് ഏതോ ഭൂതദയ പോലെ കൈമാറിത്തുടങ്ങുമെന്ന് ഒൽമെർട്ട് പ്രഖ്യാപിച്ചത്. അതും കൃത്യമായ ഉപാധികളോടെ. 400 ദശലക്ഷം ദിർഹം നികുതിപ്പണമാണ് മഹ്മൂദ് അബ്ബാസിന്റെ അടിയന്തര സർക്കാറിന് ഘട്ടം ഘട്ടമായി നൽകുക. 700 ദശലക്ഷം ദിർഹമാണ് അബ്ബാസ് ആവശ്യപ്പെട്ടത്. കോടതി ഉത്തരവ് പ്രകാരം ബാക്കി തുക മരവിപ്പിച്ചിരിക്കുകയാണെന്ന് ഒൽമെർട്ട് പറഞ്ഞു. രണ്ടു മാസം അടിയന്തര സർക്കാർ തുടരും. അതിനുശേഷം കെയർടേക്കർ മന്ത്രിസഭ തെരഞ്ഞെടുപ്പിനുള്ള മാർഗരേഖ തയാറാക്കുമെന്നാണ് മഹ്മൂദ് അബ്ബാസിന്റെ ഉപദേശകൻ മാജിദ് അൽ ഖാലിദി പറഞ്ഞത്. അന്താരാഷ്ട്ര സമൂഹം ഹമാസിന്റെ ഗസ്സക്ക് യാതൊരു നിയാമകത്വവും നൽകരുതെന്ന് ബുഷും ഒൽമെർട്ടും യൂറോപ്യൻ യൂനിയനും മഹ്മൂദ് അബ്ബാസിനോട് നിഷ്കർശിച്ചിട്ടുണ്ട്. ചുരുക്കം ചില ജീവകാരുണ്യ പ്രവർത്തനങ്ങൾ മാത്രം നടത്തിയാൽ മതി. കുടിവെള്ളവും വൈദ്യുതിയും മുടക്കരുതെന്നും പറയുന്നുണ്ട്. എന്നാൽ ഹമാസ് അധികാരത്തിൽ ഉള്ളിടത്തോളം കയറ്റുമതിക്ക് വിലക്ക് ഏർപ്പെടുത്തും. ഹമാസിനെ ഒറ്റപ്പെടുത്താൻ ഗസ്സയെ ശ്വാസം മുട്ടിച്ചു കൊല്ലുക തന്നെയാണ് തന്ത്രം. പതിനഞ്ച് ലക്ഷം ഫലസ്ത്വീൻകാരുടെ ജീവിതം അങ്ങനെ ദുരിതപൂർണമാകും. അതിലൂടെ ഹമാസിനെ ഒറ്റപ്പെടുത്തൽ തന്ത്രം വിജയിപ്പിക്കുകയെന്ന കൊളോണിയൽ നീക്കത്തിനാണ് വേദിയൊരുങ്ങുന്നത്. ദുരിതപർവമാണ് ഗസ്സ താണ്ടുന്നത്.

## പ്രതീകമായി ഗസ്സ

ഐക്യത്തിന്റെ സമർപ്പിത ഭാവത്തിൽനിന്ന് പരസ്പര ശത്രുതയുടെയും അവിശ്വാസത്തിന്റെയും വഴിയിലേക്ക് ഇരകളെ കൊണ്ടുവരിക, നിതാന്തമായ ആഭ്യന്തര കാലുഷ്യം വിതക്കുക-ഇതിൽ ശത്രുനിര വിജയിച്ചുകഴിഞ്ഞു. യു.എസ് ആഗ്രഹിക്കുന്ന തന്ത്രവും ഇതുതന്നെയാണ്. പശ്ചിമേഷ്യയിൽ പല ദിക്കുകളിലും ഇതു കാണാം. അസ്ഥിരതയും അരാജകത്വവും ആശയക്കുഴപ്പവും സൃഷ്ടിക്കുക. പക്ഷേ, ഇത് തിരിച്ചടിക്കുമെന്നതാണ് ചരിത്രം. മേഖലയിൽ സംശയം കനപ്പെടുന്ന സാഹചര്യം വന്നിരിക്കുന്നു. സമാധാനപരമായി പരിഹരിക്കപ്പെടുമായിരുന്ന പ്രക്രിയയെ നിർലജ്ജം തകിടം മറിക്കാനും സങ്കീർണമാക്കാനുമുള്ള തന്ത്രമാണ് യാങ്കി പയറ്റുന്നത്. യു.എസ് വിരുദ്ധ വികാരം കൂടുതൽ മനസ്സുകളിലേക്ക് പകരുകയാണ്. ഗസ്സ മുമ്പ് ഹമാസിന്റെ പിടിയിലാണ്. ക്രൂശിക്കപ്പെട്ടതിന്റെ രോഷം ഓരോ ഗസ്സാ നിവാസിയുടെ ഉള്ളിൽ കത്തുന്നുണ്ട്. കഴിഞ്ഞ ഏഴു വർഷമായി വെസ്റ്റ് ബാങ്കിലും ഗസ്സയിലും സ്ഥിതിഗതികൾ ഗുരുതരമാണ്. രണ്ടിടങ്ങളിലും ആഭ്യന്തര ഉൽപാദനത്തിൽ നാൽപതു ശതമാനത്തിന്റെ കുറവാണുണ്ടായതെന്ന് യു.എസ് സ്റ്റേറ്റ് അസി. സെക്രട്ടറി ഡേവിഡ് വെൽക് കോൺഗ്രസ്സിനു മുമ്പാകെ വെളിപ്പെടുത്തിയത് അടുത്തിടെയാണ്. അറുപത് ശതമാനത്തിലധികം ഫലസ്ത്വീൻകാർ ദാരിദ്ര്യ രേഖക്കു താഴെയാണ്. നിത്യം 2.40 ഡോളർ പോലുമില്ലാത്ത പരമ ദരിദ്രരുടെ നിലവാരം. അമ്പതു ശതമാനം ഫലസ്ത്വീൻകാരും തങ്ങളുടെ കുടുംബത്തിന്റെ പട്ടിണി മാറ്റാൻ ആശ്രയിക്കുന്നത് അന്താരാഷ്ട്ര ഭക്ഷ്യ പദ്ധതിയെ. ഗസ്സയിലെത്തുമ്പോൾ സ്ഥിതി പിന്നെയും ഭയാനകമാവുകയാണ്. എന്നിട്ടും കൊളോണിയൽ ശക്തികൾക്കെതിരായ പ്രതിരോധത്തിന്റെ വഴിയിൽ ഉറച്ചുനിൽക്കാൻ ഇവർക്ക് എങ്ങനെ കഴിയുന്നു എന്നതാണ് മാധ്യമ പ്രവർത്തകരെ അത്ഭുതപ്പെടുത്തുന്നത്.

## പാവ പ്രതിഷ്ഠയിലൂടെ ലക്ഷ്യം നേടൽ

ഫതഹ്-ഹമാസ് സംഘർഷമെന്നത് കൂടുതലും ഊതിപ്പെരുപ്പിച്ച ഒന്നാണ്. ഹമാസിന്റെ ഗസ്സ ഇസ്രയേലിനെ വല്ലാതെ അലട്ടുന്നുണ്ട് എന്നതാണ് വസ്തുത. വിലകൊടുത്ത് വാങ്ങാൻ കഴിയാത്ത ശൗര്യമാണ് ഗസ്സയിലെന്ന് ശത്രുവിന് ബോധ്യമായിരിക്കുന്നു. ശക്തമായ ചെറുത്തുനിൽപിന് സാധ്യതയുണ്ട്. അതിനെ നേരിടാൻ സൈനികമായ കടന്നാക്രമണമാണ് മുന്നിൽ കാണുന്നത്. അതിലൂടെ ഗസ്സയെ വീണ്ടും കൈപ്പിടിയിൽ കൊണ്ടുവരണമെന്നാണ് ആഗ്രഹം.

കഴിഞ്ഞ വർഷം ഇസ്രയേലിന്റെ ലബനാൻ ആക്രമണവേളയിൽ ബുഷ് പറഞ്ഞു: "വ്യക്തത തേടുന്ന നിമിഷ'മാണിത്. ലബനാനിലും ഇറാഖിലും ഫല

സ്ത്വീൻ പ്രദേശങ്ങളിലും ശക്തിപ്പെടുന്ന ജനാധിപത്യത്തെ പ്രതിരോധിക്കുകയാണ് തീവ്രവാദിസംഘടനകളുടെ ലക്ഷ്യം."

ഏതർഥത്തിലുള്ള ജനാധിപത്യമാണ് മേഖലയിൽ പുഷ്കലമാകുന്നതെന്ന് നാം കാണുന്നു. പ്രതിലോമ ശക്തികളെ ഉപയോഗിച്ച് ജനായത്ത സ്വപ്നങ്ങളെ തകർത്തെറിയുന്ന സമീപനമാണ് ഫലസ്ത്വീൻ മുതൽ ലബനാൻ വരെ ദൃശ്യമാകുന്നത്. ഇറാഖിൽ യുദ്ധം തിമിർക്കുകയാണ്. പതിനായിരം സൈനികരെ പുതുതായി നിയോഗിച്ചിട്ടും സ്ഥിതിഗതികളിൽ മാറ്റമൊന്നുമില്ല. വംശീയവൈരം കത്തിച്ചുനിർത്താൻ ആരാധനാലയങ്ങൾക്ക് നേരെയുള്ള ആക്രമണം പതിവായിരിക്കുന്നു. ഇതിനു പിന്നിൽ ആരെന്ന് വ്യക്തം. ലബനാൻ സംഭവങ്ങളുടെ ഗതിവിഗതികളിലും കാണാം മറക്കു പിന്നിൽ പാവകളിയുടെ ചരട് നിയന്ത്രിക്കുന്ന നിഴൽരൂപത്തെ. സിനിയോറ സർക്കാറിന് പണവും ആയുധങ്ങളും നൽകി ലബനാൻ സൈന്യത്തെ ഉപയോഗിച്ച് ഹിസ്ബുല്ല കേന്ദ്രങ്ങളിൽ ആക്രമണം നടത്തിക്കുകയാണ് തന്ത്രം. പശ്ചിമേഷ്യയിൽ വിധേയരുടെ പിന്തുണയിൽ തന്റെ ഊഴം അവസാനിക്കും മുമ്പ് ഇസ്രയേൽ-ഫലസ്ത്വീൻ കൃത്രിമ സമാധാനം സ്വപ്നം കാണുകയാണ് ബുഷ്. വ്യവസ്ഥാപിത ഭരണകൂടങ്ങളുടെ കൊള്ളരുതായ്മകളും അഴിമതിയും മടുത്ത ജനങ്ങൾ ബദൽ ഘടകങ്ങളിലേക്ക് പ്രത്യാശകൾ ഇറക്കിവെക്കുന്ന സാഹചര്യം സമർഥമായി പ്രതിരോധിക്കുകയാണിവർ. ഇല്ലെങ്കിൽ രക്ഷയില്ലെന്നിവർക്കറിയാം. ഈജിപ്തിൽ മുസ്‌ലിം ബ്രദർഹുഡിനെ അമർച്ച ചെയ്യാൻ മുബാറക് ഭരണകൂടത്തെ ബുഷ് നേതൃത്വം പിന്തുണക്കുന്നു. പശ്ചിമേഷ്യയിലെ ജനതയിൽ വലിയൊരു ശതമാനം യുവതയാണ്. അവരുടെ വികാര വിചാരങ്ങളുമായി ഒട്ടും സംവദിക്കാൻ താൽപര്യമില്ലാത്ത ജനവിരുദ്ധ സ്വഭാവം മുഖമുദ്രയാക്കിയ ഭരണകൂടങ്ങളോടാണ് യാങ്കിയുടെ കൂറ് എന്ന് നിരന്തരം വെളിപ്പെടുകയാണ്.

### അരാജക സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്ന വിധം

എത്ര പെട്ടെന്നാണ് മഹ്മൂദ് അബ്ബാസ് എല്ലാം തികഞ്ഞ ധീര നേതാവായി പരിണമിച്ചതെന്ന് നോക്കുക. 'ദുർബലൻ' എന്നു വിളിച്ച് നിത്യവും നാണം കെടുത്തുകയായിരുന്നു മുൻ കാലങ്ങളിൽ യു.എസ് മാധ്യമങ്ങൾ. ഇപ്പോഴിതാ 'അറഫാത്തിനെ പോലെ ഗസ്സയിലെയും വെസ്റ്റ് ബാങ്കിലെയും അരക്ഷിതാവസ്ഥ തീർക്കാൻ കഴിയുന്ന ഏക നേതാവ്' എന്നുപറഞ്ഞുള്ള വാഴ്ത്തലുകൾ. എന്നാൽ എല്ലാ വിട്ടുവീഴ്കൾക്കും കൈയൊപ്പ് ചാർത്തിയിട്ടും യാസിർ അറഫാത്തിനെ വേട്ടയാടുകയായിരുന്നു ഇവർ. അറഫാത്തിന് നിഷേധിച്ച അവകാശങ്ങൾ അബ്ബാസിന് ന്യായമായും കിട്ടുന്നുണ്ട്. പക്ഷേ, ഒരു സമാധാന ഉടമ്പടിക്ക് യാങ്കി-ജൂതപക്ഷം ഒരുക്കമല്ല. 'പൂട കൊഴിഞ്ഞ കോഴി'എന്നാണ് മുമ്പ് ഏരിയൽ ഷാരോൺ മഹ്മൂദ് അബ്ബാസിനെ അധിക്ഷേപിച്ചത്. ഇസ്രയേലീ സൈനിക-രാഷ്ട്രീയ നേതൃത്വത്തിന് കാര്യങ്ങൾ എളുപ്പമായത് മഹ്മൂദ് അബ്ബാസിന്റെ സാരഥ്യത്തോടെയാണ്. ഫതഹിനെ കുളിപ്പിച്ചു കിടത്താൻ അതോടെ എളുപ്പമായി. സംഘടനയെ ഒരുമിപ്പിച്ചുനിർത്താൻ കഴിയുമായിരുന്ന മർവാൻ ബർഗൂതിയെ ജയിലിൽ അടച്ചതും ആസൂത്രിത നീക്കത്തിന്റെ ഭാഗം തന്നെ.

ഗസ്സ വീണ്ടും പിടിക്കാനുള്ള പുറപ്പാടിലാണിനി ജൂതസൈന്യം. എന്നിട്ട് ഗസ്സയുടെ നിയന്ത്രണം അന്താരാഷ്ട്ര 'സമാധാന' സേനക്ക് കൈമാറാം. അനധികൃത കുടിയേറ്റം അവസാനിപ്പിക്കാൻ പറ്റില്ലെന്നും അങ്ങനെ സംഭവിച്ചാൽ ഹമാസ് അത് തങ്ങളുടെ വിജയമായി കൊണ്ടാടുമെന്നുമാണ് ഇസ്രയേൽ മന്ത്രി പ്രതികരിച്ചത്.

വെസ്റ്റ് ബാങ്കിലാവട്ടെ, ഫതഹ് 'ആഘോഷിക്കാ'നുള്ള പുറപ്പാടാണ്. ഇതിന്റെ ഭാഗമായി നൂറുകണക്കിന് ഹമാസ് നേതാക്കളെ ജയിലിൽ അടച്ചുകഴിഞ്ഞു. ആയുധങ്ങളും സമ്പത്തും ധാരാളമായി വന്നു ചേരുന്നു. പക്ഷേ, വെസ്റ്റ് ബാങ്കിലും സാമ്രാജ്യത്വത്തിന്റെ പാവകൾക്കെതിരെ വിധിയെഴുതിയ ജനത മാറിയിട്ടില്ല. ജനങ്ങളിൽ അതൃപ്തി പുകയുകയാണ്. ഫതഹിനെ കൈയിലെടുത്ത് കുടിയേറ്റം നിർബാധം തുടരാനും പീഡനമുറകൾ ആവർത്തിക്കാനുമാണ് നീക്കമെങ്കിൽ വൈകാതെ ഗസ്സ ഇവിടെയും ആവർത്തിക്കുന്ന സാധ്യതയാണ് കാണുന്നത്. ■